ദളിത് സാഹിത്യ അക്കാഡമി കൺവീനറെ അച്ചടക്ക നടപടിയിൽനിന്നും ഒഴിവാക്കണമെന്ന ആവശ്യം

33 (1856) ശ്രീമതി രാധാ രാഘവൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അരുന്ധതി റോയിക്ക് സ്വീകരണം നൽകിയതിന്റേയും മനുഷ്യാവകാശ സംഘടനയുടെ യോഗത്തിൽ പങ്കെടുത്തതിന്റേയും പേരിൽ ദളിത് സാഹിത്യ അക്കാഡമി ജനറൽ കൺവീനറും കോഴിക്കോട് അഡീഷണൽ സബ്ട്രഷറി ഉദ്യോഗസ്ഥനുമായ ശ്രീ. വി. പ്രഭാകരനെതിരെ നടപടിയെടുക്കാതിരിക്കാൻ കാരണം കാണിക്കണമെന്ന മെമ്മോ കൊടുത്തിട്ടുണ്ടോ;

(ബി) എങ്കിൽ എന്തടിസ്ഥാനത്തിലെന്ന് വ്യക്തമാക്കുമോ;

(സി) ഈ നടപടിക്കെതിരെ ആക്ഷേപമുണ്ടായിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉത്തരം

(എ) നൽകിയിട്ടുണ്ട്.

(ബി) നിലവിലുള്ള നിയമപ്രകാരം സർക്കാർ ജീവനക്കാർ ഔദ്യോഗികമല്ലാത്ത മീറ്റിംഗ്, പൊതുപ്രസംഗം എന്നിവയിൽ പങ്കെടുക്കണമെങ്കിൽ സർക്കാരിന്റെ മുൻകൂർ അനുവാദം വാങ്ങേണ്ടതുണ്ട്. ശ്രീ. പ്രഭാകരൻ ചട്ടത്തിന് വിരുദ്ധമായി മുകളിൽ പറഞ്ഞ വേദികളിൽ പങ്കെടുത്തതായി ശ്രദ്ധയിൽപ്പെട്ടതിന്റെ അടിസ്ഥാനത്തിലാണ് നടപടി.

(സി) ഉണ്ട്.

ട്രഷറി സേവിംഗ്സ് കാര്യക്ഷമമാക്കാൻ നടപടി

34 (1857) ശ്രീ. എം. നാരായണൻ (കുഴൽമന്ദം) : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ട്രഷറി സേവിംഗ്സ് കാര്യക്ഷമമാക്കാൻ സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദവിവരം നൽകുമോ;

(ബി) ട്രഷറി സേവിംഗ്സിന്റെ പലിശ ശതമാനം ആകർഷകമാക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ;

(സി) 1998-99 നേക്കാൾ 1999-2000 ൽ എത്രകോടി രൂപ ട്രഷറി സേവിംഗ്സിൽ കൂടി സമാഹരിക്കാൻ ഗവൺമെന്റിന് കഴിഞ്ഞിട്ടുണ്ട്; വിശദവിവരം നൽകുമോ;

(ഡി) ട്രഷറി സേവിംഗ്സ് വർദ്ധിപ്പിക്കാൻ എന്തെല്ലാം നടപടികളാണ് സർക്കാർ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ട്രഷറി സേവിംഗ്സ് കാര്യക്ഷമമാക്കാൻ താഴെ പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

1) ട്രഷറി സേവിംഗ്സ് നിക്ഷേപങ്ങൾക്ക് ബാങ്ക് നിരക്കുകളേക്കാൾ ഉയർന്ന പലിശ നിരക്ക് നൽകിവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly